# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1516** **05/2/2019-ൽ മറുപടിയ്ക്ക്**

## പൈനാപ്പിൾ കർഷകരുടെ പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആന്റണി ജോൺ** | **ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** |
| (എ) പൈനാപ്പിളിനുണ്ടായിട്ടുള്ള വലിയ വിലയിടിവ് മൂലം കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാപാര മേഖലയിൽ വിലക്കുറവ് ഉണ്ടെന്നുള്ള വസ്തുത നിലവിലുണ്ട്. എറണാകുളം ജില്ലയിൽ ഏകദേശം 5100 ഹെക്ടർ സ്ഥലത്തുള്ള പൈനാപ്പിൾ കൃഷിയിൽ നിന്നും 43350 ടൺ പൈനാപ്പിൾ സംഭരിക്കുന്നുണ്ട്. എന്നാൽ ഉല്പാദിപ്പിക്കുന്ന പൈനാപ്പിൾ പൂർണ്ണമായും വിൽപ്പന ചെയ്യുന്നതിനുള്ള സംവിധാനം നിലവിൽ ഇല്ല. ശരാശരി 7 രൂപ മുതൽ 13 രൂപവരെയുള്ള താരതമ്യേന കുറഞ്ഞ വിലയാണ് വിപണിയിൽ ലഭിക്കുന്നത്. ഇത് നിമിത്തം ബാങ്ക് വായ്പ എടുത്ത് കൃഷി നടത്തുന്ന കർഷകർക്ക് അവരുടെ വായ്പ തുക യഥാസമയം തിരിച്ചടയ്ക്കുന്നതിനും, പാട്ട കൃഷി നടത്തുന്ന കർഷകർക്ക് പാട്ടതുക നൽകാൻ ബുദ്ധിമുട്ട് നേരിടുന്നതായും, പൈനാപ്പിൾ കൃഷിയെ മാത്രം ആശ്രയിച്ച ജീവിക്കുന്ന കർഷകർക്ക് വിലയിടിവ് വലിയ പ്രതിസന്ധി ഉണ്ടാക്കുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) കാർഷിക മേഖലയായ കോതമംഗലത്തടക്കം ഒരേക്കർ സ്ഥലത്തിന് എൺപതിനായിരത്തിൽ അധികം രൂപ പാട്ടം കൊടുത്ത് പൈനാപ്പിൾ കൃഷി നടത്തുന്ന കർഷകർക്ക് പൈനാപ്പിളിന് കിലോയ്ക്ക് 10 രൂപയിൽ താഴെ മാത്രമേ ലഭിക്കുന്നുള്ളു എന്ന പ്രതിസന്ധിക്ക് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ; | (ബി) കോതമംഗലം പ്രദേശത്ത് ബ്ലോക്ക് തലത്തിൽ ഫെഡറേറ്റഡ് മാർക്കറ്റുകൾ മുഖാന്തിരം പൈനാപ്പിൾ സംഭരിക്കുന്നുണ്ട്. മറ്റ് പ്രദേശങ്ങളിലും സംഭരണത്തിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു. |

(....2)

**(സി)** പൈനാപ്പിൾ കർഷകരുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി പൈനാപ്പിളിന് താങ്ങുവില നിശ്ചയിച്ച് ഹോർട്ടി കോർപ്പടക്കമുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി പൈനാപ്പിൾ ശേഖരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**(സി)** ഹോർട്ടികോർപ്പ് മുഖാന്തിരം വാഴക്കുളത്തും പരിസരപ്രദേശങ്ങളിൽ നിന്നും പൈനാപ്പിൾ സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പൈനാപ്പിളിന്റെ വിലയിടിവിനെ തുടർന്ന് താങ്ങുവില നിശ്ചയിച്ച് വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡിൽ 3 ടൺ വീതം ഓരോ കർഷകരിൽ നിന്നു ശേഖരിച്ച് ഹോർട്ടികോർപ്പ് മുഖാന്തിരം പൈനാപ്പിൾ വിപണനം ചെയ്തുവരുന്നു. A ഗ്രേഡ് പൈനാപ്പിളിനു കിലോയ്ക്ക് 17/- രൂപ നൽകിയാണ് ഹോർട്ടികോർപ്പ് പൈനാപ്പിൾ സംഭരിച്ചുവരുന്നത്. ഇതിനകം 125 ടൺ പൈനാപ്പിൾ സംഭരിച്ചിട്ടുണ്ട്. ഹോർട്ടികോർപ്പ് മുഖേന പൈനാപ്പിൾ സംഭരണം ഇപ്പോഴും തുടരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ.**